ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ദക്ഷിണാഫ്രിക്കയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന G-20 ഉച്ചകോടിക്ക് ഇന്ന് സമാപനം. ഉച്ചകോടിയുടെ മൂന്നാം സെഷനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

**The G-20 summit, chaired by South Africa, will conclude today. Prime Minister Narendra Modi will participate in the third session of the summit.**

2). ഐക്യദാർഢ്യം, സമത്വം, സുസ്ഥിരത എന്നിവ ആഗോള വളർച്ചയുടെ അവശ്യ സ്തംഭങ്ങളാണെന്ന് ജി-20 ഉച്ചകോടിയിൽ സംയുക്ത പ്രഖ്യാപനം.

**Solidarity, equality and sustainability are essential pillars of global growth, says the joint declaration at the G-20 summit.**

3). കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിൽ ഉത്തരവാദിത്തം പുലർത്താത്ത രാജ്യങ്ങൾ ആഗോള കാലാവസ്ഥാ പ്രശ്നങ്ങൾക്ക് കാരണമാകരുതെന്ന് ഇന്ത്യയുടെ മുന്നറിയിപ്പ്.

**India's warning that countries that are not responsible for mitigating climate change should not be the cause of global climate problems.**

4). റഷ്യ-യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള യു.എസ് സമാധാന പദ്ധതി അന്തിമമല്ലെന്ന് അമേരിക്കൻ പ്രസിഡൻറ്. സംഘർഷം അവസാനിപ്പിച്ച് മേഖലയിൽ സമാധാനം സ്ഥാപിക്കണമെന്ന് ഇന്ത്യ.

**The US President says the US peace plan to end the Russia-Ukraine war is not final. India wants to end the conflict and establish peace in the region.**

5). **കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് അവസാനിക്കും.**

**The deadline for withdrawing nominations for the local body elections in Kerala will end at 3 pm tomorrow.**

6). **ഓസ്ട്രേലിയൻ ഓപ്പൺ പുരുഷ സിംഗിൾസ് കിരീടം നേടി ഇന്ത്യയുടെ ലക്ഷ്യ സെൻ.**

**India's Lakshya Sen. wins the Australian Open men's singles title.**

============================================================

## G20 DECLARATION

ഐക്യദാർഢ്യം, സമത്വം, സുസ്ഥിരത എന്നിവ ആഗോള വളർച്ചയുടെ അവശ്യ സ്തംഭങ്ങളാണെന്ന് ജി-20 ഉച്ചകോടിയിൽ സംയുക്ത പ്രഖ്യാപനം. ഊർജ്ജ സുരക്ഷ, കാലാവസ്ഥാ പ്രവർത്തനം, ദുരന്ത പ്രതിരോധം എന്നിവയും സുപ്രധാനമാണ്. അതേസമയം വർദ്ധിച്ചുവരുന്ന ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾ, സംഘർഷങ്ങൾ, ആഴത്തിലുള്ള അസമത്വം എന്നിവ സാമ്പത്തിക സ്ഥിരതയ്ക്ക് ഭീഷണിയാണെന്നും പ്രഖ്യാപനത്തിൽ വ്യക്തമാക്കുന്നു. ഉച്ചകോടിയിൽ പങ്കെടുത്ത ലോക നേതാക്കൾ സംയുക്ത പ്രഖ്യാപനത്തെ അംഗീകാരിച്ചു. ദക്ഷിണാഫ്രിക്കയിലെ ജൊഹാന്നസ്ബർഗിലാണ് ഉച്ചകോടി നടക്കുന്നത്.

============================================================

## MEA BRIEFING PM G20 – (INTRO)

ഈ വർഷത്തെ ജി-20 ഉച്ചകോടിയിൽ തിരിച്ചറിഞ്ഞ നാല് പ്രധാന മുൻഗണനകൾ സംബന്ധിച്ച് ഉച്ചകോടി ശക്തമായ സന്ദേശം നൽകിയതായി കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ സാമ്പത്തിക കാര്യ സെക്രട്ടറി സുധാകർ ദലേല. ജോഹന്നാസ്ബർഗിൽ നടന്ന പ്രത്യേക വാർത്ത സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**വിശദാംശങ്ങളിലേക്ക്.........**

(VOICE……………….)

ദുരന്ത പ്രതിരോധശേഷിയും പ്രതികരണവും ശക്തിപ്പെടുത്തുക, താഴ്ന്ന വരുമാനമുള്ള രാജ്യങ്ങൾക്ക് വായ്പാ സുസ്ഥിരത ഉറപ്പാക്കുക, സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്കായി നിർണായക ധാതുക്കൾ പ്രയോജനപ്പെടുത്തുക, നീതിയുക്തമായ ഊർജ്ജ പരിവർത്തന ത്തിനായി ധനസമാഹരണം നടത്തുക എന്നിവയാണ് ഈ വർഷത്തെ ജി- 20 ഉച്ചകോടിയുടെ മുൻഗണനാ വിഷയങ്ങൾ. ഇന്ത്യയുടെ ജി-20 അധ്യക്ഷകാലത്ത് രൂപപ്പെട്ട നിരവധി സംരംഭങ്ങളും ഫലങ്ങളും ഈ കൂട്ടായ്മയിലുടനീളം പ്രതിഫലിക്കുകയും ദക്ഷിണാഫ്രിക്ക തങ്ങളുടെ അധ്യക്ഷതയിൽ ഇത് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോവുകയും ചെയ്യുതായി അദ്ദേഹം അഭിപ്രായപ്പെട്ടു. വിദഗ്ദ്ധ തൊഴിലാളികളുടെ കുടിയേറ്റം, ടൂറിസം, ഭക്ഷ്യസുരക്ഷ,നിർമ്മിത ബുദ്ധി , ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, നൂതനാശയം, വനിതാ ശാക്തീകരണം തുടങ്ങിയ നിർണ്ണായക മേഖലകളിൽ ദക്ഷിണാഫ്രിക്കയുടെ അധ്യക്ഷതയിൽ നടക്കുന്ന പ്രവർത്തനങ്ങളെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചതായും അദ്ദേഹം വ്യക്തമാക്കി.

ന്യൂസ് ഡെസ്ക് , ആകാശവാണി…

================================================================

**G20 – CONCLUDE TODAY**

ദക്ഷിണാഫ്രിക്ക ആതിഥേയത്വം വഹിക്കുന്ന G-20 ഉച്ചകോടി ഇന്ന് സമാപിക്കും. **"എല്ലാവർക്കും ന്യായവും നീതിയുക്ത വുമായ ഭാവി - നിർണായക ധാതുക്കൾ, മാന്യമായ ജോലി, നിർമ്മിതബുദ്ധി"** എന്ന വിഷയം ചർച്ച ചെയ്യുന്ന ഉച്ചകോടിയുടെ മൂന്നാം സെഷനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സമ്മേളനത്തിന് മുന്നോടിയായി ഇന്ത്യ- ബ്രസീൽ-ദക്ഷിണാഫ്രിക്ക നേതൃതല കൂടിക്കാഴ്ചയായ IBSA- യിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഉച്ചകോടിയ്ക്കിടെ, ദക്ഷിണാഫ്രിക്കൻ പ്രസിഡൻറുമായും, ജപ്പാൻ, കാനഡ, ഇറ്റലി എന്നീ രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരുമായും ശ്രീ മോദി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. വൈകുന്നേരം

പ്രധാനമന്ത്രി ന്യൂഡൽഹിയിലേക്ക് മടങ്ങും. ആഫ്രിക്കൻ മണ്ണിൽ ആദ്യമായി നടക്കുന്ന ജി-20 ഉച്ചകോടിയിൽ പങ്കെടുക്കുവാനായി ശ്രീ മോദി വെള്ളിയാഴ്ചയാണ് ജോഹന്നാസ്ബർഗിലെത്തിയത് .

==========================================================

**INDIA-COP30 CLOSING**

കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിൽ ഉത്തരവാദിത്തം പുലർത്താത്ത രാജ്യങ്ങൾ ആഗോള കാലാവസ്ഥാ പ്രശ്നങ്ങൾക്ക് കാരണമാകരുതെന്ന് ഇന്ത്യയുടെ മുന്നറിയിപ്പ്. ബ്രസീലിൽ നടന്ന ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ വ്യതിയാന കൺവെൻഷൻറെ 30-ാമത് സമ്മേളനത്തിലാണ് ഇന്ത്യ നിലപാട് വ്യക്തമാക്കിയത്. കാലാവസ്ഥാ വ്യതിയാനത്തിൻറെ വർധിച്ചുവരുന്ന പ്രത്യാഘാത ങ്ങളിൽ നിന്ന് ദുർബല ജനവിഭാഗങ്ങളെ, പ്രത്യേകിച്ച് ഗ്ലോബൽ സൗത്തിലുള്ളവരെ സംരക്ഷിക്കുന്നതിനായി ഇന്ത്യ ആഗോള പിന്തുണ ആവശ്യപ്പെട്ടു. കാലാവസ്ഥാ ധനസഹായം നൽകാനുള്ള വികസിത രാജ്യങ്ങളുടെ ഇൻർദ്ദേശത്തെ രാജ്യം അഭിനന്ദിച്ചു.

==========================================================

**RUSSIA-UKRAINE PEACE PLAN**

റഷ്യ-യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള യു.എസ് സമാധാന പദ്ധതി അന്തിമമല്ലെന്ന് യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് . കരട് പദ്ധതിയിൽ ഗണ്യമായ തിരുത്തലുകൾ ആവശ്യമാണെന്ന് യുക്രൈനിനെ പിന്തുണയ്ക്കുന്ന പാശ്ചാത്യസഖ്യം മുന്നറിയിപ്പ് നൽകിയതിനെത്തുടർന്നാണ് ട്രംപിൻറെ പ്രതികരണം.

ഈ മാസം 27-നകം പദ്ധതി അംഗീകരിക്കാൻ യുക്രെയ്നിനെ പ്രേരിപ്പിക്കുകയാണെന്നും യു.എസ് പ്രസിഡൻറ് ഇന്നലെ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം രാജ്യം ചരിത്രത്തിലെ ഏറ്റവും ദുഷ്കരമായ നിമിഷങ്ങളെയാണ് നേരിടുന്നതെന്ന് യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമർ സെലെൻസ്കി പ്രതികരിച്ചു . എന്നാൽ

യു.എസ് സമാധാന പദ്ധതി ഒത്തുതീർപ്പിന് സഹായകമാണെന്ന് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ അഭിപ്രായപ്പെട്ടു .

==========================================================

**JAISHANKAR–UKRAINE MINISTER**

വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ യുക്രെയ്ൻ വിദേശകാര്യ മന്ത്രി ആൻഡ്രി സിബിഹയുമായി ടെലിഫോൺ സംഭാഷണം നടത്തി. റഷ്യ-യുക്രെയ്ൻ സംഘർഷവുമായി ബന്ധപ്പെട്ട സംഭവവികാസങ്ങൾ യുക്രെയ്ൻ വിദേശകാര്യ മന്ത്രി വിശദീകരിച്ചതായി ശ്രീ ജയ് ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു . റഷ്യ-യുക്രെയ്ൻ സംഘർഷം എത്രയും പെട്ടെന്ന് അവസാനിക്കണമെന്നും, മേഖലയിൽ സ്ഥായിയായ സമാധാനം സ്ഥാപിക്കപ്പെടണം എന്നും ഇന്ത്യ ആഗ്രഹിക്കുന്നതായി ശ്രീ ജയ് ശങ്കർ വ്യക്തമാക്കി. ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്ന വിഷയങ്ങളും ഇരുനേതാക്കളും ചർച്ച ചെയ്തു.

==========================================================

**KERALA – ELECTION**

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന ദിവസം നാളെ. സ്ഥാനാർത്ഥികൾക്ക് നാളെ ഉച്ചകഴിഞ്ഞ് മൂന്ന് മണി വരെ നാമനിർദേശ പത്രിക പിൻവലിക്കാൻ സമയമുണ്ട്. പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ പൂർത്തിയായി. അടുത്ത മാസം 9,11 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ്. ഡിസംബർ 13 ന് വോട്ടെണ്ണൽ നടക്കും.

==========================================================

**ELECTION COMMISSIONER**

കേരളത്തിൽ വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി ഡിജിറ്റലൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം 31 ലക്ഷം കവിഞ്ഞതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. എന്യൂമറേഷൻ ഫോം വിതരണം അവസാന ഘട്ടത്തിലേക്ക് കടന്നതായും അദ്ദേഹം അറിയിച്ചു.

=====================================================

**VICE PRESIDENT ( INTRO )**

ശ്രീ സത്യസായി ബാബയുടെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്ത് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. പുട്ടപർത്തിയിലെ ഹിൽ വ്യൂ സ്റ്റേഡിയത്തിൽ നടന്ന പരിപാടിയെ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്തു.

**(HOLD FOR BYTE.............)**

=====================================================

**BADMINTON**

ഓസ്ട്രേലിയൻ ഓപ്പൺ പുരുഷ സിംഗിൾസ് കിരീടം നേടി ഇന്ത്യയുടെ ലക്ഷ്യ സെൻ . ഇന്ന് നടന്ന ഫൈനലിൽ ജപ്പാൻ താരം യുഷി തനകയെ 21-15, 21-11 എന്ന സ്കോറിനാണ് ലക്ഷ്യ പരാജയപ്പെടുത്തിയത്.

=====================================================

**DAY MEN S CRICKET**

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ രണ്ടാമത്തെയും അവസാനത്തെയും മത്സരം ഗുവാഹത്തിയിൽ പുരോഗമിക്കുന്നു. രണ്ടാം ദിനം ആദ്യ ഇന്നിങ്സ് ബാറ്റിങ് പുനരാരംഭിച്ച ദക്ഷിണാഫ്രിക്ക. ഒടുവിൽ വിവരം ലഭിക്കുമ്പോൾ 7 വിക്കറ്റ് നഷ്ടത്തിൽ 402 റൺ എന്ന നിലയിലാണ് . കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ നടന്ന ആദ്യ ടെസ്റ്റിൽ ഇന്ത്യയെ 30 റൺസിന് ദക്ഷിണാഫ്രിക്ക പരാജയപ്പെടുത്തിയിരുന്നു.

=====================================================

**IFFI**

56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്ര മേളയുടെ നാലാം ദിവസമായ ഇന്ന് ഇന്ത്യൻ പനോരമ വിഭാഗത്തിൽ അൻഹാദ് മിശ്രയുടെ ചമ്പൽ, രാജു ചന്ദ്രയുടെ പിറന്തനാൾ വാഴ്ത്തുക്കൾ എന്നീ

ചിത്രങ്ങൾ പ്രദർശിപ്പിക്കും. റിത്വിക് ഘട്ടക്കിൻറെ ബംഗാളി ചിത്രം സുബർണ രേഖയുടെ പ്രത്യേക പ്രദർശനവും ഇന്ന് ഉണ്ടാകും. മണിരത്നം സംവിധാനം ചെയ്ത തമിഴ് ചിത്രം ദളപതിയും ഇന്ന് പ്രേക്ഷകരെ ആകർഷിക്കും.

==========================================================

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്ത് ഈ മാസം 30-ന് രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യും. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ജനങ്ങൾക്ക് പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും ഈ മാസം 28 വരെ സമർപ്പിക്കാം.

==========================================================

## GOLD

സ്വർണ്ണ വിലയിൽ മാറ്റമില്ല. പവന് **92,280** രൂപയും ഗ്രാമിന് **11,535** രൂപയുമാണ് ഇന്നത്തെ വില.

==========================================================

## MERCURY- RISE

സമുദ്രങ്ങളുടെ പല ഭാഗങ്ങളിലും രസം അഥവാ മെർക്കുറിയുടെ അളവ് വർദ്ധിച്ചുവരികയാണെന്ന് പുതിയ പഠനത്തിലെ കണ്ടെത്തൽ. 1990- നും 2021- നും ഇടയിൽ യു.കെ തീരപ്രദേശങ്ങളിലെ ഒറ്റപ്പെട്ട 738 ഇടങ്ങളിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ നടന്ന പഠനത്തിലാണ് കണ്ടെത്തൽ. ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുന്നത് സമുദ്രജലത്തിൽ മെർക്കുറിയുടെ അളവ് മൂന്നിരട്ടിയാക്കിയിട്ടുണ്ട്. കാലക്രമേണ മെർക്കുറിയുടെ അളവ് വർദ്ധിക്കുകയും പകർച്ചവ്യാധികൾ കൂടുകയും ചെയ്യാനുള്ള സാധ്യതയുണ്ടെന്നും പഠന റിപ്പോർട്ട് പറയുന്നു.

==========================================================

## NAGALAND – AIR INDIA

നാഗാലാൻഡിൽ അടുത്തമാസം ഒന്ന് മുതൽ 10 വരെ നടക്കുന്ന ഹോൺബിൽ ഫെസ്റ്റിവലിൻറെ ഔദ്യോഗിക യാത്രാ പങ്കാളിയായി എയർ ഇന്ത്യയെ നിയോഗിച്ചു. ഇതിനു പിന്നാലെ ദിമാപൂർ വിമാനത്താവളത്തിൽ എയർ ഇന്ത്യ എക്സ് പ്രസ് വിമാനം മുഖ്യമന്ത്രി നെയ് ഫിയു റിയോ ഫ്ളാഗ് ഓഫ് ചെയ്തു. കണക്ടിവിറ്റി ശക്തിപ്പെടുത്തുക, കൂടുതൽ സന്ദർശകരെ ആകർഷിക്കുക. നാഗാലാൻഡിനെ രാജ്യത്തും ലോകത്തും അവതരിപ്പിക്കുക തുടങ്ങിയവയിൽ എയർ ഇന്ത്യയുമായുള്ള സഹകരണം സുപ്രധാന ചുവടുവയ്പ്പാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഫെസ്റ്റിവലിൻറെ ഭാഗമായി ദിമാപൂരിലേക്കും തിരിച്ചുമുള്ള എയർ ഇന്ത്യ വിമാനനിരക്കിൽ 15 ശതമാനം കിഴിവും ഏർപ്പെടുത്തി.

==========================================================

## GLOBAL PEACE – MUMBAI

മുംബൈയിലും മറ്റ് നഗരങ്ങളിലും ഭീകരാക്രമണങ്ങൾക്ക് ഉപയോഗിക്കാനിരുന്ന 3000 കിലോഗ്രാം ആർ.ഡി.എക്സ് പിടിച്ചെടുത്തതിന് സുരക്ഷാ ഏജൻസികളെ മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ് നവിസ് പ്രശംസിച്ചു. 166 പേർക്ക് ജീവൻ നഷ്ടപ്പെട്ട മുംബൈ ഭീകരാക്രമണം, 17 വർഷം പിന്നിട്ടിട്ടും തീവ്രവേദനയായി ജനഹൃദയങ്ങളിൽ നിലനിൽക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഗേറ്റ് ഓഫ് ഇന്ത്യയിൽ പഹൽഗാം ആക്രമണത്തിൻറെയും മുംബൈ ഭീകരാക്രമണത്തിൻറെയും ഇരകളെയും അനുസ്മരിച്ച ആഗോള സമാധാന സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു ശ്രീ ഫഡ് നവിസ്.

==========================================================

========================================

====================